"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3226/2022-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 29-08-2024

E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- മിനി അങ്കണവാടികളെ മെയിൻ അങ്കണവാടികളാക്കി ഉയർത്തിയത് -തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്:-

സൂചന:-

1. സ.ഉ (എം എസ്) നം83/2010/സാക്ഷേവ തീയതി 26.11.2010
2. സ.ഉ (എം എസ്) നം 05/2012/സാക്ഷേവ തീയതി 30.01.2012
3. സ.ഉ (എം എസ്) നം 254/2018/സാക്ഷേവ തീയതി 30.04.2018
4. വനിത ശിശു വികസന ഡയറക്ടറുടെ 01.12.2022 ലെ DWCD/5260/2022-ICDSB4 നം പരിപത്രം
5. കേന്ദ്ര വനിതാശിശു വികസന മന്ത്രാലയത്തിന്റെ 08.07.2022,10.05.2023,14.06.2023 തീയതികളിലെ 11/2/2022-CD-1 നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം.263/2024/WCDD തീയതി 25.07.2024.

സംസ്ഥാനത്തെ മിനി അങ്കണവാടികളെ മെയിൻ അങ്കണവാടികളാക്കി മാറ്റുന്നതിന്റെ ആവശ്യകത പരിശോധിച്ച് ആവശ്യകതയുണ്ടെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും ആവശ്യകത ഇല്ലാത്ത പക്ഷം അവ സറണ്ടർ ചെയ്യുന്നതിനും സൂചന (5) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ മിനി അങ്കണവാടികളെയും മെയിൻ അങ്കണവാടികളായി ഉയർത്തേണ്ടതിന്റെ ആവശ്യകതയും അതിനു വേണ്ടി വരുന്ന അധിക ബാധ്യതയും കണക്കാക്കി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സംസ്ഥാനത്തെ 129 മിനി അങ്കണവാടികളെയും മെയിൻ അങ്കണവാടികളായി ഉയർ ത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച് സൂചന (6) പ്രകാരം സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, മിനി അങ്കണവാടികളെ മെയിൻ അങ്കണവാടികളായി ഉയർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കുന്നു.

1. അങ്കണവാടികളിൽ ഹെൽപ്പർ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
2. ഹെൽപ്പർക്ക് ഹോണറേറിയം നൽകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുക
3. വർക്കർക്ക് മെയിൻ അങ്കണവാടികളിലെ വർക്കറുടെ നിരക്കിൽ ഹോണറേറിയം നൽകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുക

4. ഹെൽപ്പർക്കു ആവശ്യമായ യൂണിഫോം ലഭ്യത ഉറപ്പു വരുത്തുക

5 . Pre-school kit, Medicine Kit ,Administrative Expenses എന്നീ compenentകളിൽ മെയിൻ അങ്കണവാടികളിലെ നിരക്കിൽ വർദ്ധനവ് വരുത്തുക

**നിയമനം**

**അങ്കണവാടി വർക്കർ**

മിനി അങ്കണവാടി വർക്കർ തസ്തിക, അങ്കണവാടി വർക്കർ തസ്തികയായി മാറുന്ന സാഹചര്യത്തിൽ നിലവിലുള്ള അങ്കണവാടി വർക്കർ തസ്തികയിലേയ്ക്കുള്ള എല്ലാ നിയമന മാനദണ്ഡങ്ങളും പാലിക്കപ്പെടേണ്ടതാണ്. സ്ഥിരം മിനി അങ്കണവാടി വർക്കർ തസ്തികയിലെ നാളിതുവരെയുള്ള സേവനകാലയളവ് ഇനിയുള്ള അങ്കണവാടി വർക്കർ തസ്തികയോട് ചേർത്ത് സീനിയോറിട്ടി, പ്രൊമോഷൻ, അവധികൾ, ഇൻക്രിമെന്റ് എന്നിവയ്ക്കായി പരിഗണിക്കാവുന്നതാണ്. മിനി അങ്കണവാടിയിലെ താൽക്കാലിക അങ്കണവാടി സേവന കാലയളവ് സൂപ്പർവൈസറായി പി എസ് സി മുഖേന നിയമനം ലഭിക്കുന്നതിനുള്ള മുൻപരിചയ സർട്ടിഫിക്കറ്റ് നൽകുന്നതിന് പരിഗണിക്കേണ്ടതാണ്.

**അങ്കണവാടി ഹെൽപ്പർ**

മിനി അങ്കണവാടികൾ, മെയിൻ അങ്കണവാടികളായി മാറുന്ന സാഹചര്യത്തിൽ പുതുതായി അങ്കണവാടി ഹെൽപ്പർ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഈ അങ്കണവാടി ഹെൽപ്പർ തസ്തികയിലെ നിയമനത്തിനും നിലവിലുള്ള എല്ലാ നിയമന മാനദണ്ഡങ്ങളും പാലിക്കപ്പെടേണ്ടതാണ്.

**പൊതു നിർദ്ദേശങ്ങൾ**

**അങ്കണവാടി വർക്കർ ഹെൽപ്പർമാരുടെ നിയമനനടപടികൾ സ്വീകരിക്കുമ്പോൾ ചുവടെ ചേർക്കുന്ന മാർഗ നിർദ്ദേശങ്ങളും പാലക്കപ്പെടുന്നുണ്ടെന്ന് നിയമനാധികാരിയായ ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.**

അങ്കണവാടി പ്രവർത്തകർ അങ്കണവാടി സ്ഥിതി ചെയ്യുന്ന പ്രദേശത്തുള്ള ആളുകളിൽ നിന്ന് മാത്രമായിരിക്കണം. ഏതെങ്കിലും ജനവിഭാഗങ്ങളുടെ ഊര് / കോളനി ഉൾപ്പെടുന്ന സ്ഥലത്താണ് അങ്കണവാടി സ്ഥിതി ചെയ്യുന്നതെങ്കിൽ പ്രസ്തുത ഊര് / കോളനിയിൽ നിന്നുള്ള വ്യക്തിക്കായിരിക്കണം നിയമനം നൽകേണ്ടത്.

നിലവിൽ ടി പ്രദേശത്തെ വ്യക്തികൾ മറ്റ് അങ്കണവാടികളിൽ സേവനം അനുഷ്ഠിക്കുകയും അവർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുകയും ചെയ്താൽ ടി പ്രവർത്തകർക്ക് സ്ഥലം മാറ്റം നൽകിയതിന് ശേഷം മാത്രം മറ്റ് നിയമനങ്ങൾ നടത്തേണ്ടതാണ്.

സ്ഥലം മാറ്റത്തിനായി ഒന്നിലധികം വ്യക്തികൾ ഉള്ള പക്ഷം പ്രായം , സേവന കാലയളവ്, വിധവ, ഗർഭിണികൾ പാലൂട്ടു അമ്മമാർ, കിടപ്പ് രോഗിയായ ഭർത്താവ്, മക്കൾ, മാതാപിതാക്കൾ, ഭിന്നശേഷിക്കാരായ മക്കൾ എന്നിവരെ സംരക്ഷിക്കുന്നവർ, ഗുരുതരരോഗമുള്ളവർ എന്നിവർക്ക്

യഥാക്രമം മുൻഗണന നൽകേണ്ടതാണ്. ടി മുൻഗണന എല്ലാ വർക്കർ ഹെൽപ്പർ നിയമനങ്ങളിലും പാലിക്കപ്പെടേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം-സൂചന (6)

**സോഫി ജേക്കബ്**
**അസിസ്റ്റന്റ് ഡയറക്ടർ**
**പെൻ നമ്പർ-457974**
**വനിത ശിശുവികസന ഡയറക്ടറേറ്റ്**
**പൂജപ്പുര, തിരുവനന്തപുരം-695012**